പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2716

19.6.2014 ലെ മറുപടിക്ക്

## അദ്ധ്യാപക പാക്കേജ്

ചോദ്യം
ശ്രീ.എ.എ.അസീസ്

ഉത്തരം
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എയ്ഡഡ് മേഖലയിൽ അംഗീകാരമില്ലാതെ ജോലിചെയ്തിരുന്ന എത്ര അദ്ധ്യാപകർക്കാണ് നിയമനാംഗീകാരം നൽകിയത് ; | (എ) | 1.10.2011 ലെ സ.ഉ.(പി) നം.199/11/പൊവിവ പ്രകാരം 3361 അദ്ധ്യാപകർക്കാണ് നിയമനാംഗീകാരം നൽകിയത് |
| (ബി) | ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (ബി) | ജില്ലതിരിച്ചുള്ള കണക്ക് 1.10.2011 ലെ സ.. ഉ (പി) നം.199/11/പൊവിവ ഉത്തരവിൽ ലഭ്യമാണ്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |
| (സി) | നിയമനാംഗീകാരം നൽകിയതിൽ ഏത് വർഷം മുതൽ ഏത് വർഷം വരെ ജോലിയിൽ പ്രവേശിച്ചവരെയാണ് ഉൾപ്പെടുത്തിയത് ; | (സി) | 31.3.2011 ന് മുമ്പ് ജോലിയിൽ പ്രവേശിച്ചവരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത് |
| (ഡി) | അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകി രൂപീകരിച്ച അദ്ധ്യാപക പാക്കേജിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിക്കുകയും, വിവിധ കാരണങ്ങളാൽ നിയമാനംഗീകാരവും, ശമ്പളവുമില്ലാതെ തുടർന്നിരുന്ന അദ്ധ്യാപകർക്ക് നിയമനാംഗീകാരവും ശമ്പളവും 01.06.2011 മുതൽ നൽകുന്നതിനും കുട്ടികളുടെ കുറവ് മൂലം സർവ്വീസിൽ നിന്നും പുറത്തുപോയ അദ്ധ്യാപകർക്ക് പുനർനിയമനം നൽകുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അദ്ധ്യാപക പാക്കേജ് പ്രഖ്യാപിച്ചത്. |

| | | | |
|---|---|---|---|
| | | | ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രശ്നരഹിതമായ അദ്ധ്യാപകസമൂഹം അത്യാവശ്യ ഘടകമാണെന്നതിന്റെ അടിസ്ഥാനത്തിലും എയ്ഡഡ് സ്കൂൾ നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും പാക്കേജ് ലക്ഷ്യമിട്ടിരുന്നു. അദ്ധ്യാപക പാക്കേജ് മൂലം ശമ്പളമില്ലാതെ ജോലിയിലിരുന്ന 3361 അദ്ധ്യാപകർക്കും റിട്രെഞ്ച്ഡ് ആയ 1462 അദ്ധ്യാപർക്കും പ്രയോജനം ലഭിച്ചിട്ടുണ്ട് |

സെക്ഷൻഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്